(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ നൂറുകൊല്ലത്തിലധികം പഴക്കമുള്ള കെട്ടിടം സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)&(സി) പഴയ കെട്ടിടം പുതുക്കി സർക്കാർ ആവശ്യങ്ങൾക്കു പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

116 (282) എളംകുളം സഹകരണ ബാങ്കിലെ അഴിമതി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ എളംകുളം സഹകരണ ബാങ്കിലെ അഴിമതി സംബന്ധിച്ച് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ വകുപ്പു നടത്തിയ അന്വേഷണത്തിൽ കുറ്റക്കാർ ആരെല്ലാം എന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വെളിപ്പെടുത്തുമോ;

(സി) സഹകരണ രംഗത്തെ അഴിമതി കണ്ടെത്തിയിട്ട് 2 വർഷം കഴിഞ്ഞിട്ടും കുറ്റക്കാർക്ക് എതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കാതെ അന്വേഷണങ്ങൾ മാത്രം നടന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുറ്റക്കാരുടെ പേരിൽ നിയമ നടപടി സ്വീകരിക്കുവാനും അഴിമതിയിലൂടെ നഷ്ടപ്പെട്ട തുക തിരിച്ചു പിടിക്കുവാനും നടപടി സമയബന്ധിതമായി എടുക്കുമോ?

ഉത്തരം

(എ) സഹകരണ നിയമം 65-ാം വകുപ്പു പ്രകാരമുള്ള അന്വേഷണവും 68-ാം വകുപ്പു പ്രകാരമുള്ള പരിശോധനയും നടത്തി നടപടി തുടരുന്നു. ഭരണസമിതിയെ പിരിച്ചുവിട്ടിട്ടുണ്ട്. സംഘം സെക്രട്ടറിയെയും രണ്ടു ബ്രാഞ്ചു മാനേജർമാരെയും സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി മൂന്നു പേർക്കും അഡ്മിനിസ്ട്രേറ്റർ കുറ്റപത്രം നൽകിയിട്ടുണ്ട്. പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള വിജിലൻസ് കേസിന്റെ അന്വേഷണം തുടർന്നുവരുന്നുമുണ്ട്.

(ബി) സഹകരണ വകുപ്പിന്റെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ട ഭരണസമിതിയെ പിരിച്ചുവിട്ടിട്ടുണ്ട്. ബന്ധപ്പെട്ട ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. പോലീസ് വിജിലൻസ് അന്വേഷണം പൂർത്തിയാകുന്ന മുറക്ക് മാത്രമേ കുറ്റക്കാർ ആരെല്ലാമെന്ന് വ്യക്തമാകൂ.

(സി) ക്രമക്കേടുകൾ സഹകരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കുറ്റക്കാരുടെ പേരിൽ എടുത്തിട്ടുള്ള നിയമ നടപടികൾ തുടർന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly